# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-2026



G.U.P. SCHOOL
CHOLAKKUNDU
KNOWLEDGE IS POWER

## ജി.യു.പി. സ്കൂൾ ചോലക്കുണ്ട്

# ആമുഖം

പ്രി പ്രൈമറി മുതൽ നാലുവരെ ക്ലാസുകളുള്ള പറപ്പൂർ പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമാണ് ചോലക്കുണ്ട് ജി.യു.പി.സ്കൂൾ. കടലുണ്ടിപ്പുഴ യോട് ചേർന്ന് കിടക്കുന്ന പതിനെട്ടാം വാർഡിന്റെ ഓരത്ത് ശാന്തസുന്ദരമായ ചോലക്കുണ്ട് എന്ന കൊച്ചു ഗ്രാമത്തിന് തിലകക്കുറി ചാർത്തുന്ന സരസ്വതീ ക്ഷേത്രം.

വിദ്യാഭ്യാസത്തിന് ആവശ്യമായ പ്രൈമറിസ്കൂൾ ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ,നിരക്ഷരരായ ഒരു ജനതയെ ഓത്തുപള്ളിയിലേക്കും എഴുത്തുപള്ളിയിലേക്കും ആകർഷിച്ച് അധ്യാപനം ഒരു സേവനമായി

ഏറ്റെടുത്ത് ഒരു തലമുറയുടെ വിദ്യാഭ്യാസവിപ്ലവത്തിന് തുടക്കമിട്ടുകൊണ്ട് 1957 ലാണ് ചോലക്കുണ്ട് ജി. എൽ. പി. സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നത്. ആദ്യവർഷം 81 കുട്ടികളാണ് ഇവിടെ പ്രവേശനം നേടിയത്. 1981-82 അധ്യയന വർത്തിൽ യു. പി സ്കൂൾ ആയി ഉയർത്തപ്പെട്ട ഈ സ്ഥാപനം ഇന്ന് മലപ്പുറം ജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നാണ്.

സാമ്പത്തികമായി വളരെ പിന്നാക്കം നിന്നിരുന്ന ഈ പ്രദേശത്ത് കുട്ടികൾ വിവിധകാരണങ്ങളാൽ വിദ്യാഭ്യാസം നേടാൻ മടികാണിച്ചിരുന്നു. അന്ധവിശ്വാസം, പഠനത്തിൽ താൽപര്യമില്ലായ്മ, മറ്റു സ്കൂളുകളിൽ എത്തിച്ചേരാനുള്ള ബുദ്ധിമുട്ട് എന്നിവ ചില കാരണങ്ങൾ മാത്രം.

നാടിന്റെ പലഭാഗത്തുമുള്ള ആളുകൾ സൗജന്യമായി നല്കിയ ഓല, മുള മറ്റുസാമഗ്രികൾ എന്നിവ ഉപയോഗിച്ച് നിർമിച്ച ഓലഷെഡിലാണ് ആദ്യകാലത്ത് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. കാലക്രമേണ ഓലഷെഡിന്റെ സ്ഥാനത്ത് ആസ്ബറ്റോസ് കെട്ടിടവും കോൺക്രീറ്റ് കെട്ടിടങ്ങളും നിർമിക്കപ്പെട്ടു.

ഏകാധ്യാപക വിദ്യാലയമായി വെറും ഓലഷെഡിൽ പ്രവർത്തനം ആരംഭിച്ച് ചോലക്കുണ്ട് ജി. യു. പി. സ്കൂൾ 12 ഹൈടെക് ക്ലാസുകളുൾപ്പെടെ 24 ക്ലാസ് മുറികളും 600 ലധികം കുട്ടികളും 30 അധ്യാപകരും 2 അധ്യാപകേതര ജീവനക്കാരുമായി അതിന്റെ പ്രയാണം തുടരുകയാണ്. ഈ സന്ദർഭത്തിലാണ് സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയം ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് സമഗ്രവിദ്യാഭ്യാസ വികസന പദ്ധതി അഥവാ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. നമ്മുടെ വിദ്യാലയം അതിന്റെ ഭാവി വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ അക്കാദമിക, ഭൗതിക, സാമൂഹ്യ ലക്ഷ്യങ്ങളുടെയും അതിനായി ആസൂത്രണം ചെയ്ത പ്രവർത്തന പദ്ധതി കളുടെയും വിശകലനമാണ് നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നത്.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ വിദ്യാർത്ഥികൾക്കും അതതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിക്കുന്നതിന് ആവശ്യമായ പഠനപ്രവർത്തനങ്ങൾ പ്രാവർത്തികമാക്കി എന്ന് ഉറപ്പ് വരുത്തുക.
- ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടിനേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കൾ അടക്കമുള്ള സമൂഹത്തെ അറിയിക്കുക
- മതേതര മൂല്യങ്ങൾ വളർത്തുക.
- കുട്ടികളുടെ സർഗാത്മകവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്,ഹിന്ദി എന്നീ ഭാഷകൾ വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള കഴിവ് ഉറപ്പ് വരുത്തുക.
- വിദ്യാലയത്തെ ഹൈടെക് വിദ്യാലയമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക.
- വിദ്യാലയ അന്തരീക്ഷം ശിശു സൗഹൃദമാക്കുക.
- സ്കൂളിനെ ഹരിത വിദ്യാലയമാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമായി ജൈവ വൈവിധ്യ ഉദ്യാനവും പച്ചക്കറിത്തോട്ടവും ജൈവ പന്തലും നിർമ്മിക്കുക.
- അക്കാദമിക ഭൗതിക സാഹചര്യങ്ങൾ സജ്ജീകരിച്ച് എല്ലാ കുട്ടികൾക്കും ശാസ്ത്രാശയങ്ങൾ നേടാനും ശാസ്ത്ര രീതി സ്വായത്തമാക്കാനും പ്രയോഗിക്കാനും കഴിയുക.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ജി.യു.പി സ്കൂൾ ചോലക്കുണ്ട് |
| വിലാസം | : ചോലക്കുണ്ട്, പറപ്പൂർ പിഒ,മലപ്പുറം ജില്ല, 676503 |
| | : ഫോൺ 04832750123 |
| സ്കൂൾ കോഡ് | : 19863 |
| വിദ്യാഭ്യാസ ജില്ല | : തിരൂരങ്ങാടി |
| വിദ്യാഭ്യാസ ഉപജില്ല | : വേങ്ങര |
| റവന്യൂജില്ല | : മലപ്പുറം |
| ബി ആർ സി | : വേങ്ങര |
| ഗ്രാമ പഞ്ചായത്ത് | : പറപ്പൂർ |
| വാർഡ് | : 18 |
| ബ്ലോക്ക് പഞ്ചായത്ത് | : വേങ്ങര |
| നിയമസഭാ മണ്ഡലം | : വേങ്ങര |
| ലോകസഭാമണ്ഡലം | : മലപ്പുറം |
| വില്ലേജ് | : പറപ്പൂർ |
| താലൂക്ക് | : തിരൂരങ്ങാടി |
| ഇ മെയിൽ | : gupscholakkundu@gmail.com |
| ഹെഡ്മാസ്റ്റർ | : ശ്രീമതി. ബിന്ദു എം.പി |
| പിടിഎ പ്രസിഡന്റ് | : ശ്രീ.അബ്ദുൽ ഹഖ് ടി |
| എസ് എം സി ചെയർമാൻ | : ശ്രീ.അനി പട്ടയിൽ |
| എംടിഎ പ്രസിഡന്റ് | : ശ്രീമതി. സഫൂറ |

# നിലവിലെ അവസ്ഥാവിശകലനം

## ഭൗതികം നേട്ടങ്ങൾ

- രണ്ട് ബഹുനില കെട്ടിടങ്ങളിലായി മികച്ച സൗകര്യങ്ങളോടെയുള്ള ക്ലാസ്സ് മുറികൾ.
- മികച്ച സൗകര്യത്തോട് കൂടിയ കമ്പ്യൂട്ടർ ലാബ്.
- മാലിന്യ സംസ്കരണത്തിനുള്ള ഇൻസിനേറ്റർ .
- പത്തോളം ക്ലാസ് റൂമുകളിൽ പ്രോജക്ടർ.
- 7.5 കിലോവാട്ട് ഇൻവെർട്ടർ സിസ്റ്റം.

## ഭൗതികം പരിമിതികൾ

- വർദ്ധിച്ചു വരുന്ന കുട്ടികളെ ഉൾക്കൊള്ളാനുള്ള സ്ഥലത്തിൻറെ പരിമിതി
- കളി സ്ഥലത്തിലെ അപര്യാപ്തത
- വിദ്യാലയത്തിലെ എല്ലാ കുട്ടികളെയും ഉൾക്കൊള്ളിച്ച് യോഗം നടത്താനുള്ള ഓഡിറ്റോറിയത്തിന് അപര്യാപ്തത
- എല്ലാ കുട്ടികൾക്കും ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കാനുള്ള ഡൈനിങ് ഹാൾ ഇല്ലാത്തത്.

## അക്കാദമിക് നേട്ടങ്ങൾ

- എല്ലാ വർഷവും എൽഎസ്എസ്, യുഎസ്എസ് നേട്ടം
- തുടർച്ചയായി പത്താം തവണയും ഐടി മേളയിൽ ഉപജില്ലയിൽ ഒന്നാം സ്ഥാനം.
- സബ്ജില്ലാ തലത്തിൽ ശാസ്ത്ര ഗണിത ശാസ്ത്ര സാമൂഹ്യ ശാസ്ത്ര ,ഐടി മേളകളിൽ ഓവറോൾ ചാമ്പ്യൻഷിപ്പ്.
- കലാകായിക മേളകളിൽ മികച്ച നേട്ടങ്ങൾ
- പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് ജൂലൈ മാസം മുതലുള്ള ഒന്നിച്ചുയരാം പദ്ധതി.
- എല്ലാ ക്ലാസുകളിലും പത്രങ്ങളും ആനുകാലിക വായന പ്രസിദ്ധീകരണങ്ങളും.
- ഐടി അധിഷ്ഠിത പഠനം
- പ്രവർത്തനാധിഷ്ഠിത ക്ലാസ് മുറികൾ.
- സജീവമായി പ്രവർത്തിക്കുന്ന ശാസ്ത്ര,സാമൂഹ്യശാസ്ത്ര,ഗണിത,ഊർജ്ജ ക്ലബ്ബുകൾ.

രംഗങ്ങളിൽ ജില്ലയിലെതന്നെ മികച്ച വിദ്യാലയങ്ങളിലൊന്നായി ജിയുപി സ്കൂൾ ചോലക്കുണ്ട് തലയുയർത്തിനിൽക്കുന്നു. എല്ലാ വർഷവും തുടർച്ചയായി ലഭിക്കുന്ന എൽഎസ്എസ്, യുഎസ്എസ് നേട്ടം സ്കൂളിൻറെ ഈ മികച്ച അക്കാദമിക നിലവാരത്തിന് ഉദാഹരണങ്ങളിലൊന്നാണ്. കലാകായിക ശാസ്ത്രോത്സവ രംഗങ്ങളിൽ പഞ്ചായത്ത് തലം മുതൽ ജില്ലാ തലം വരെയുള്ള മികച്ച പ്രാതിനിധ്യവും നേട്ടങ്ങളും ഇതിനോടൊപ്പം ചേർത്തു വായിക്കപ്പെടേണ്ടതാണ്. ഐ ടി മേളയിൽ തുടർച്ചയായി ഒൻപതാം തവണയും ചാമ്പ്യന്മാർ ആവാനും ജില്ലയിലെതന്നെ മികച്ച സ്കൂൾ ആവാൻ സാധിച്ചു. മികച്ച അച്ചടക്കവും പരിശ്രമശാലികളായ കുട്ടികളും സേവന തൽപരരുംനിസ്വാർത്ഥരുമായ അധ്യാപകരും രക്ഷിതാക്കളും ഈ സ്കൂളിൻറെ മാത്രം പ്രത്യേകതയാണ്. സമീപത്തെ ഹൈസ്കൂൾ ഹയർ സെക്കൻഡറി സ്കൂളുകളിലെ മത്സര പരീക്ഷാ ഫലം പരിശോധിച്ചാൽ അതിൽ ചോലക്കുണ്ട് സ്കൂളിലെ കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നു എന്നതും സ്കൂളിനെ മികവുറ്റതാക്കുന്നു. ഓരോ വർഷവും കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും വിദ്യാലയത്തിലെ മികച്ച നിലവാരത്തെ എടുത്തുകാണിക്കുന്നു.

## വിദ്യാലയ ചരിത്രം

ഏതൊരു നാടിന്റെയും സർവതോന്മുഖമായ വളർച്ചയുടെ ആണികല്ലാണല്ലോ ആ നാട്ടിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. പ്രത്യേകിച്ചും പ്രൈമറി വിദ്യാലയങ്ങൾ. നാട്ടുകാരുടെയും പ്രദേശത്തെയും സമഗ്രവികസനം ലക്ഷ്യം വെച്ച് ഒരു പറ്റം കർമ്മോത്സുകരായ യുവാക്കളുടെ പ്രയത്നഫലമായി 1957 ജിഎൽപി സ്കൂൾ ചോലക്കുണ്ട് നിലവിൽവന്നു. സ്വന്തമായി കെട്ടിടം ഇല്ലാത്തതിനാൽ മദ്രസയിലാണ് സ്കൂൾ തുടങ്ങിയത്. ശ്രീമതി തങ്കമ്മ ടീച്ചറുടെ കീഴിൽ ഏകാധ്യാപക വിദ്യാലയം ആയിട്ടായിരുന്നു തുടക്കം. അധികംവൈകാതെ സ്കൂളിന് കെട്ടിടം നിർമ്മിച്ചു നൽകാൻ ഗവൺമെൻറ് തയ്യാറായി. സ്ഥലം നാട്ടുകാർ കണ്ടെത്തണം. അന്വേഷണമായി ഒടുവിൽ വിദ്യാഭ്യാസ തൽപരരായ നാട്ടുകാരുടെ കഠിനശ്രമത്തിന്റെ ഫലമായി 65 സെൻറ് സ്ഥലം സ്കൂളിനായി കണ്ടെത്തി പലഭാഗത്തുനിന്നും സൗജന്യമായി ലഭിച്ച ഓല, മുള, മറ്റു സാമഗ്രികൾ ഉപയോഗിച്ച് പണിത ഓല ഷെഡ്ഡിലാണ് പിന്നീട് സ്കൂൾ പ്രവർത്തിച്ചത്. പിന്നീട് ആസ്ബറ്റോസ് കെട്ടിടം നിർമ്മിച്ച് സ്കൂളിൻറെ പ്രവർത്തനം അതിലേക്ക് മാറ്റുകയും ചെയ്തു. പി മുഹമ്മദ് മാസ്റ്റർ, ആലങ്ങാടൻ സൈനുദ്ദീൻ മാസ്റ്റർ തുടങ്ങിയവരായിരുന്നു ആദ്യകാല അധ്യാപകർ .

പിന്നീട് സ്കൂൾ യുപി സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ശ്രമം തുടങ്ങി. നാട്ടിലെ കാരണവാർ ഒത്തുകൂടി ഇതിനായുള്ള പ്രവർത്തനമാരംഭിച്ചു അധ്യാപകരുടെയും നാട്ടുകാരുടെയും തീവ്രശ്രമത്തിന്റെ ഭാഗമായി 1981 ൽ യു പി സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്ത് അംഗീകാരം ലഭിച്ചു. നിലവിലുള്ള സ്കൂൾ കെട്ടിടത്തോട് അനുബന്ധിച്ച് തന്നെ നാട്ടുകാർ ആവശ്യമായ ക്ലാസ് മുറികളും മറ്റും നിർമിച്ച് നൽകി തുടർന്ന് അവിടുന്നിങ്ങോട്ട് വളർച്ചയുടെ ഓരോ ചവിട്ടു പടികൾ കയറി നാം ഇന്ന് കാണുന്ന ഹൈടെക് ബഹുനില കെട്ടിടങ്ങളിലേക്കുള്ള മാറ്റം വളരെ പെട്ടെന്നായിരുന്നു. ഈ നാട്ടിലെ നിസ്വാർത്ഥരായ ജനങ്ങളുടെയും ജനപ്രതിനിധികളുടെയും അധ്യാപകരുടെയും സേവനങ്ങൾ ഇതിനെ വളർച്ചക്ക് എന്നും ഒരു മുതൽക്കൂട്ട് തന്നെയാണ്.

എല്ലാ സൗകര്യങ്ങളോടും കൂടിയ പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ 24 ക്ലാസുകളിലായി 660 പരം വിദ്യാർത്ഥികൾ ഇവിടെനിന്നും വിദ്യനേടുന്നു. പാഠ്യപാഠ്യേതര

രംഗങ്ങളിൽ ജില്ലയിലെതന്നെ മികച്ച വിദ്യാലയങ്ങളിലൊന്നായി ജിയുപി സ്കൂൾ ചോലക്കുണ്ട് തലയുയർത്തിനിൽക്കുന്നു. എല്ലാ വർഷവും തുടർച്ചയായി ലഭിക്കുന്ന എൽഎസ്എസ്, യുഎസ്എസ് നേട്ടം സ്കൂളിൻറെ ഈ മികച്ച അക്കാദമിക നിലവാരത്തിന് ഉദാഹരണങ്ങളിലൊന്നാണ്. കലാകായിക ശാസ്ത്രോത്സവ രംഗങ്ങളിൽ പഞ്ചായത്ത് തലം മുതൽ ജില്ലാ തലം വരെയുള്ള മികച്ച പ്രാതിനിധ്യവും നേട്ടങ്ങളും ഇതിനോടൊപ്പം ചേർത്തു വായിക്കപ്പെടേണ്ടതാണ്. ഐ ടി മേളയിൽ തുടർച്ചയായി ഒൻപതാം തവണയും ചാമ്പ്യന്മാർ ആവാനും ജില്ലയിലെതന്നെ മികച്ച സ്കൂൾ ആവാൻ സാധിച്ചു. മികച്ച അച്ചടക്കവും പരിശ്രമശാലികളായ കുട്ടികളും സേവന തൽപരരുംനിസ്വാർത്ഥരുമായ അധ്യാപകരും രക്ഷിതാക്കളും ഈ സ്കൂളിൻറെ മാത്രം പ്രത്യേകതയാണ്. സമീപത്തെ ഹൈസ്കൂൾ ഹയർ സെക്കൻഡറി സ്കൂളുകളിലെ മത്സര പരീക്ഷാ ഫലം പരിശോധിച്ചാൽ അതിൽ ചോലക്കുണ്ട് സ്കൂളിലെ കുട്ടികൾ മികച്ച നിലവാരം പുലർത്തുന്നു എന്നതും സ്കൂളിനെ മികവുറ്റതാക്കുന്നു. ഓരോ വർഷവും കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും വിദ്യാലയത്തിലെ മികച്ച നിലവാരത്തെ എടുത്തുകാണിക്കുന്നു.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിത ശേഷി വികസനം<br>• ഇംഗ്ലീഷ് പഠന ശേഷി വികസനം<br>• ലൈബ്രറി ശാക്തീകരണം<br>• ശാസ്ത്ര,ഗണിതശാസ്ത്ര,സാമൂഹിക ശാസ്ത്ര ലബോറട്ടറി ശാക്തീകരണം.<br>• നാടകക്കളരി<br>• ജൈവ വൈവിധ്യ പാർക്ക്<br>• ഫീൽഡ് ട്രിപ്പുകൾ.<br>• സെമിനാറുകൾ.<br>• കലാ കായിക മേള<br>• ഐടി പരിശീലനം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• എസ് ആർ ജി ശാക്തീകരണം.<br>• ക്ലാസ് പിടിഎ സജീവമാക്കൽ.<br>• അഭിമുഖങ്ങൾ<br>• നിരന്തര മൂല്യനിർണയം<br>• യൂണിറ്റ് ടെസ്റ്റ്<br>• ശില്പശാലകൾ<br>• റേഡിയോ സ്റ്റേഷൻ<br>• പഠനസാമഗ്രികൾ<br>• പ്രസിദ്ധീകരണങ്ങൾ | • കളിസ്ഥലം<br>• ഓഡിറ്റോറിയം<br>• ഡൈനിങ് റൂം<br>• ശാസ്ത്ര-ഗണിത സാമൂഹ്യശാസ്ത്ര ലബോറട്ടറികൾ<br>• ഫസ്റ്റ് എയ്ഡ് റൂം<br>• ചിൽഡ്രൻസ് പാർക്ക്.<br>• ക്ലാസ് മുറികളിൽ എൽഇഡി ടിവി<br>• സൗരോർജ്ജ പാനൽ | • പിടിഎ ശക്തിപ്പെടുത്തൽ<br>• എസ് എം സി. എ സ് ആർ ജി കാര്യക്ഷമമാക്കുക.<br>• വിദ്യാലയ വികസന സമിതി.<br>• പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• ഗൃഹസന്ദർശനം<br>• രക്ഷിതാക്കളെവിദ്യാലയത്തോടടുപ്പിക്കൽ.<br>• പ്രാദേശിക ക്ലബ്ബുകളുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും സഹകരണ സ്ഥാപനങ്ങളുടെയും സേവനം പ്രയോജനപ്പെടുത്തുത<br>• സഹവാസ ക്യാമ്പുകൾ<br>• റാലികൾ<br>• പരസ്യപ്രചരണം |

## ENGLISH

**Learning issue**

All learners haven't aquired basic knowledge of using english language -reading and writing

**Learning objective**

1. Promoting reading and writing skill.
2. Acquiring required curriculam objectives
3. devoloping communication skill in real life situation.

**Social and physical-infra structure facilities**

1) Language lab
2) Digital library
3) Library
4) English reading corner
5) English assembly

| NO | Aims | Activities | Period |
|---|---|---|---|
| 1 | Promoting reading and writing skill. | 1. Conducting a pre test to access the level of learners.<br>2. Framing learning activities to address different levels learners.<br>3. Conduct special training to scaffold backward learners<br>4.Conducting vocabulary activities by using ICT facilities.<br>5.Regular evaluation of learning progress. | Long term |
| 2 | Acquiring required curriculum objective. | Framing activities for all level of leaners.<br>a) Activities for S.P.L greeting card making, poster,placard,slogans and collage.<br>b)Conduct various learning activity to aquire curriculam objective. | Short term |

| Reading activity | Writing activity |
|---|---|
| 1.Graphic reading<br>2.Organic reading<br>3.Sentence reading<br>4.silent reading<br>5.Loud reading<br>6.Chain reading<br>7.Individual reading<br>8.Group reading | 1.Graphic writing<br>2.Organic writing<br>3.Individual writing<br>4.Presentation<br>5.Editing |

Longterm activity

Various Discourses for Learning processes

Charactor sketch
Preparation

## എൽ പി വിഭാഗം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | വിഷയം | മേഖല | ചുമതല |
|---|---|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | • പ്രി ടെസ്റ്റ്<br>• അക്ഷരമുറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരക്കാർഡ് നൽകൽ<br>• ചിത്രവായന<br>• വാക്കുകൾ നിർമ്മിക്കൽ<br>• വാക്യ നിർമ്മാണം<br>• സചിത്രബുക്ക്<br>• സംയുക്തഡയറി<br>• ചിത്രത്തിന് അടിക്കുറിപ്പ് തയ്യാറാക്കൽ<br>• ചിത്രം നോക്കി കഥ പറയൽ<br>• കഥാപൂരണം<br>• സ്ക്രീനിൽ നോക്കി വാക്യങ്ങൾ എഴുതൽ<br>• വായനാ കേളി<br>• BALA<br>• റീഡേഴ്സ് തിയേറ്റർ | ജൂൺ ആദ്യവാരം<br>ജൂൺ -ആഗസ്റ്റ്<br>ജൂൺ -ആഗസ്റ്റ്<br>ജൂൺ -ആഗസ്റ്റ്<br>ജൂൺ -ആഗസ്റ്റ്<br>സെപ്റ്റംബർ-ഡിസംബർ<br>സെപ്റ്റംബർ-ഡിസംബർ<br>സെപ്റ്റംബർ-ഡിസംബർ<br>ഒരുവർഷം<br>ജൂൺ-ഡിസംബർ | 1-4 | മലയാളം | ഭാഷാവികാസം | ക്ലാസ് അധ്യാപകർ<br>എസ് ആർജി |
| 2 | എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നുവെന്നും എഴുതുന്നു വെന്നും ഉറപ്പാക്കുക | • ക്ലാസ് വായനാ മൂല ഒരുക്കൽ<br>• സർഗാത്മക ഡയറി<br>• ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• കഥോത്സവം<br>• സമീപ ഗ്രന്ഥശാല അംഗത്വം | ജൂൺ-മാർച്ച്<br>ദീർഘകാലം<br>ജൂൺ-സെപ്തംബർ | 1-4 | മലയാളം | ഭാഷാവികാസം | ക്ലാസ് അധ്യാപകർ<br>എസ് ആർജി<br>പിടിഎ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | • പത്രവാർത്ത വായന<br>• ചിത്ര വായന<br>• ആസ്വാദനക്കുറിപ്പ്<br>• കവിതാ പൂരണം<br>• അമ്മവായന<br>• കഥാപാത്രങ്ങളെ ചിത്രീകരിക്കൽ<br>• മലയാളം മധുരം<br>• ബാലസഭ<br>• ക്ലാസ് പത്രം<br>• സാഹിത്യ ക്യാമ്പ്<br>• പാട്ടുപൂക്കളം<br>• മാഗസിൻ<br>• പത്രം<br>• പതിപ്പ് നിർമ്മാണം<br>• കൊളാഷ് നിർമ്മാണം<br>• ചുമർ പത്രിക<br>• നാട്ടുവിശേഷം<br>• സാഹിത്യകാരൻമാരുമായി അഭിമുഖം | ജൂലൈ മുതൽ<br><br>ആഴ്ചയിൽ ഒന്ന്<br><br>വെക്കേഷനിൽ | | | | ക്ലാസ് അധ്യാപകർ<br><br>പിടിഎ<br>ക്ലാസ് അധ്യാപകർ |
| 3 | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | • സംഭാഷണ രൂപീകരണം<br>• കാവ്യോത്സവം<br>• നാടകീകരണം<br>• പാവനാടകം<br>• ആർട്ട് ഗാലറി<br>• സ്കൂൾ നാടകക്കളരി<br>• സാഹിത്യ റേഡിയോ<br>• സംയുക്തഡയറി പ്രകാശനം | സെപ്റ്റംബർ<br><br>മാർച്ച്<br>ഫെബ്രുവരി<br>ഒരുവർഷം<br><br>ഫെബ്രുവരി | 1-4 | മലയാളം | ഭാഷാവികസനം | SRG |

പ്രകാശനം

| | | | | | | | |
|---|---|---|---|---|---|---|---|
| | ➢ ജ്യാമിതിയ രൂപങ്ങൾ അളവുകൾ ദൈനംദിന ജീവിത സന്ദർഭങ്ങൾ<br><br>➢ സമയബോധം,കാലം, രൂപം | • ടെൻഫെയിം<br>• കട്ടൗട്ട് വർക്ക്ഷോപ്പ്<br>• BALA<br>• പഠനോപകരണനിർമ്മാണം<br>• ഐസിടി<br>• ഗണിതലാബ്<br>• ദൈനം ദിന പ്രവർത്തനങ്ങൾ<br>• കലണ്ടർനിർമ്മാണം<br>• ക്ലോക്ക് നിർമ്മാണം<br>• തൂക്കകട്ടികൾ<br>• അളവുപാത്രങ്ങൾ<br>• മീറ്റർ സ്കെയിൽ<br>• കച്ചവടക്കളി<br>• കളിനോട്ട് | ജൂൺ മുതൽ ആഗസ്റ്റ് വരെ<br><br>സെപ്റ്റംബർ-ജനുവരി | 1-4 | ഗണിതം | ചതുഷ്ക്രിയകൾ<br><br>മെട്രിക് അളവുകൾ | എസ് ആർ ജി<br><br>എസ് ആർ ജി എസ് എസ് ജി<br><br>എസ് ആർ ജി ഗണിത ക്ലബ് |
| 5 | എല്ലാ കുട്ടികളിലും പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിന് പ്രാപ്തരാക്കുക | • ശാസ്ത്ര മൂല<br>• ശാസ്ത്രലാബ്<br>• പരീക്ഷണകിറ്റ്<br>• ജൈവവൈവിധ്യ പാർക്ക് | ദീർഘകാലം | 1 - 4 | പരിസരപഠനം | | എസ് ആർ ജി പിടിഎ എസ് എസ് ജി ശാസ്ത്ര ക്ലബ് |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | എല്ലാ വിദ്യാർത്ഥികളിലും ഗണിതത്തിലെ അടിസ്ഥാന ശേഷി ഉറപ്പിക്കൽ | • പ്രീ-ടെസ്റ്റ് | ജൂൺ | 2-4 | | | എസ് ആർ ജി<br>എസ് എസ് ജി<br>പിടിഎ |
| | ➢ സംഖ്യാബോധം | • സംഖ്യാമാല<br>• സംഖ്യാകാർഡ്<br>• കൂട്ടങ്ങളാക്കൽ<br>• ഐസിടി<br>• ഗണിതകേളികൾ<br>• സംഖ്യാചാർട്ട്<br>• കലണ്ടർനിർമ്മാണം<br>• വരച്ചുയോജിപ്പിക്കാം<br>• വർക്ക്ഷീറ്റ് | ജൂൺ മുതൽ ആഗസ്റ്റ് വരെ | 1-4 | ഗണിതം | സംഖ്യാബോധം | അധ്യാപകർ |
| | ➢ സ്ഥാനവില | • സ്ഥാനവിലപോക്കറ്റ്<br>• അബാക്കസ്<br>• സ്ഥാനവിലക്കളി<br>• ഗണിതമൂല<br>• ഗണിതലാബ്<br>• മൂർത്ത വസ്തുക്കൾ നൽകൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | 1-4 | ഗണിതം | സ്ഥാനവില | അധ്യാപകർ<br>എസ് ആർ ജി |
| | ➢ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | • ചിത്രകാർഡുകൾ<br>• ഐസിടി<br>• ഗണിതകേളികൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | 1-4 | ഗണിതം | ചതുഷ്ക്രിയകൾ | അധ്യാപകർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 1-4 | | | അധ്യാപകർ |

# ENGLISH- LP

| | Aim | Activities | Time period | | |
|---|---|---|---|---|---|
| 1 | Aquire the ability to write read and speak the English language | Pre test | June | Listening<br>Speaking | SRG |
| | ➢ Listening | • ICT<br>• Language lab | June-march<br>Monthly | Reading<br>Writing | SRG<br>English club<br>PTA |
| | ➢ Speaking | • English assembly<br>• Radio station<br>• Balasabha<br>• Role play<br>• English day<br>• English fest | June-march | | SRG<br>English club<br>PTA |
| | ➢ Reading | • Daily news reading<br>• Story reading<br>• English weekly<br>• Reading Card<br>• Poster making | June-march | | Teacher<br>SRG<br>English club<br>PTA |

| | | | | | | | |
|---|---|---|---|---|---|---|---|
| | | • ഫീൽഡ് ട്രിപ്പ്<br>• അഭിമുഖം<br>• പരീക്ഷണ ഉപകരണങ്ങൾ രൂപകൽപ്പന ചെയ്യൽ | ഓഗസ്റ്റ് | | | | അധ്യാപകർ |
| 6 | ശാസ്ത്രീയമനോഭാവം വളർത്തുക | • ശാസ്ത്ര മാഗസിൻ<br>• ചുമർപത്രികകൾ<br>• ദിനാചരണങ്ങൾ<br>• പരീക്ഷണങ്ങൾ<br>• പസിലുകൾ | ആഴ്ചയിൽ | 1-4 | പരിസരപഠനം | | അധ്യാപകർ<br>ശാസ്ത്ര ക്ലബ് |
| 7 | റോഡ് സുരക്ഷാനിയമങ്ങൾ പാലിക്കാനുള്ള മനോഭാവം ഉണ്ടാക്കുക | • ട്രാഫിക് സിഗ്നലുകൾ പരിചയപ്പെടൽ<br>• റോൾ പ്ലേ<br>• കൊളാഷ്<br>• അഭിമുഖം<br>• ഡോക്യുമെന്ററി പ്രദർശനം<br>• പോസ്റ്റർ നിർമ്മാണം | ജൂൺ | 1-4 | പരിസരപഠനം | | അധ്യാപകർ<br>എസ് ആർ ജി |
| 8 | ആരോഗ്യ പരിപാലനവും ശുചിത്വബോധവും വളർത്തൽ | • കൊളാഷ്<br>• ചുമർപത്രികാ നിർമ്മാണം<br>• നാടകം<br>• ഡ്രൈ ഡേ<br>• പ്രഥമശുശ്രൂഷാ പെട്ടി സജ്ജീകരണം<br>• സൈക്കിൾ പരിശീലനം<br>• നീന്തൽ പരിശീലനം | ജൂൺ<br>ദീർഘകാലം | 1-4 | പരിസരപഠനം | | എസ് ആർ ജി<br>പിടിഎ<br>എസ് എസ് ജി<br>ശാസ്ത്ര ക്ലബ്<br>അധ്യാപകർ |

## മലയാളം -യു പി

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1 | മലയാള ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കൽ | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• വാക്യങ്ങൾ നിർമ്മിക്കൽ<br>• ചിത്രം നൽകി അടിക്കുറിപ്പ്, കഥപറയൽ ,കത്തെഴുതൽ.<br>• കഥാപുസ്തകം നൽകൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് നൽകൽ | 5,6,7 | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് അധ്യാപകൻ ഭാഷാധ്യാകൻ |
| 2 | പഠിതാവിൽ നിന്ന് അർത്ഥപൂർണ്ണമായ വായന ഉറപ്പു നൽകുക | • വർത്താലോകത്തേക്ക്: പത്രം മാസിക ആഴ്ചപ്പതിപ്പ് വായിക്കൽ<br>• തീമാറ്റിക് ലൈബ്രറി: കൃഷി, പരിസ്ഥിതി, പ്രകൃതി ,യാത്ര, കാലാവസ്ഥ ഇവ പശ്ചാത്തലമായി വരുന്ന പുസ്തകങ്ങൾ ശേഖരിച്ച് വായിക്കുന്നു<br>• വാർത്താവായന: നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തല വിജയിയെ കണ്ടെത്തുന്നു.<br>• അതത് മാസത്തെ സംഭവങ്ങൾ ആസ്പദമാക്കി ക്വിസ് നടത്തുന്നു | 5,6,7 | ജൂൺ<br>ദീർഘകാലം<br>ആഴ്ചയിൽ ഒന്ന് മാസത്തിൽ ഒന്ന്<br>വർഷത്തിൽ മൂന്ന് | ക്ലാസ് അധ്യാപകൻ |
| 3 | കുട്ടികളെ മികച്ച എഴുത്തുകാർ ആക്കുക | • പുസ്തകചർച്ച<br>• ക്ലാസ് ലൈബ്രറി<br>• സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>• വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ<br>• ഇൻലന്റ് മാഗസിൻ | 5,6,7 | ഹ്രസ്വകാലം | BRC<br>PTA<br>അധ്യാപകർ<br>വിദ്യാരംഗം |

| | | | | | |
|---|---|---|---|---|---|
| | ➢ Writing | • Article reading<br>• Reading corner<br>• Diary<br>• Recetation<br>• Description<br>• School news paper<br>• Wall magazine<br>• Story filling<br>• English workshop<br>• Theatre<br>• Worksheet<br>• Puzzles | Monthly<br>June-December<br>June-march<br>June-march | | Teacher<br>SRG<br>English club<br>PTA |

| | | | | | |
|---|---|---|---|---|---|
| | വ്യക്തങ്ങൾ | | | | |
| 7 | പഠിതാക്കളുടെ കലാവാസന പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം: പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ച ലഘുനാടകം<br>ശിൽപ്പശാല: കലാകാരന്മാരെ പങ്കെടുപ്പിച്ച് ശിൽപ്പശാല | 5,6,7 | അക്കാദമിക വർഷം | ഭാഷാ അധ്യാപകർ, വിദ്യാരംഗം |

| | | | | | |
|---|---|---|---|---|---|
| | | • ചുമർപത്രിക പതിപ്പ് തയ്യാറാക്കൽ<br>• സർഗ്ഗസൃഷ്ടികൾ പുസ്തകം തയ്യാറാക്കൽ<br>• വായനാകുറിപ്പ് ആസ്വാദനക്കുറിപ്പ്<br>• രചയിതാക്കളെ പരിചയപ്പെടുത്തൽ<br>• സംസ്കാരി സാഹിത്യ ചിത്ര ഗാലറി ഭാഷാ പ്രൊജക്റ്റ് | | | |
| 4 | ഒരു സാഹിത്യ രൂപത്തെ മറ്റൊരു സാഹിത്യ രൂപത്തിലേക്ക് മാറ്റി വിവിധ സാഹിത്യ സങ്കേതങ്ങൾ പരിചയപ്പെടുത്തുക | • നാടകം<br>• ചിത്രീകരണം<br>• ചൊല്ക്കാഴ്ച<br>• ദൃശ്യാവിഷ്കാരം | 5,6,7 | മാസത്തിൽ ഒന്ന് | അധ്യാപകർ വിദ്യാരംഗം |
| 5 | മലയാളം ടൈപ്പിങ്ങിൽ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക | മലയാളം ടൈപ്പിംഗ് എല്ലാ കുട്ടികൾക്കും പരിശീലനം | 5,6,7 | വർഷം മുഴുവനും | അധ്യാപകർ |
| 6 | ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവാദം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | 1. എൻ്റെ അവധിക്കാലം: കഥ കവിത യാത്രാനുഭവം അനുഭവക്കുറിപ്പ്<br>2. ഭാഷ കേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ സ്വയം നിർമ്മിക്കുകയും വായിക്കുകയും ചെയ്യുക | 5,6,7 | ജൂൺ | അധ്യാപകർ |
| 6 | സാഹിത്യ കൃതികളോടും സാഹിത്യകാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി | സംവാദം: സാഹിത്യകാരന്മാർ എഴുത്തുകാരന്മാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖം | 5,6,7 | വർഷത്തിൽ രണ്ട് തവണ | അധ്യാപകർ |

| | | | | | | |
|---|---|---|---|---|---|---|
| | | പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികൾ ആസ്വദിക്കാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭ ചേരുക.ഒരിക്കൽ അവതരിപ്പിച്ച വിദ്യാർഥികൾ അടുത്ത സഭയിൽ ആസ്വാദകരാകണം.<br>__കാഴ്ചയും കേൾവിയും__ :-നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച ഹിന്ദി കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും പ്രൊജക്ടർ സഹായ ത്തോടെ കാണാനുള്ള അവസരമൊരുക്കൽ. | | | ഖണ്ട്, പ്രൊജക്റ്റർ കമ്പ്യൂട്ടർ | |
| 4 | അനുഭവലോകം ഹിന്ദി വായനാമൂല | തനതായ ഹിന്ദി ഭാഷക കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണിക്കുക | 5,6,7 | 8 മാസം | പ്രൊജക്റ്റർ കമ്പ്യൂട്ടർ ലാംഗേജ് ലാബ് | ഹിന്ദി അധ്യാപിക |
| 5 | __പദപരിചയം__ ഹിന്ദി പദസമ്പത്ത് വർദ്ധിപ്പിക്കൽ | • ഹിന്ദി അധ്യാപികയുടെ മേൽനോട്ടത്തിൽ എല്ലാദിവസവും രാവിലെ ഒരു ഹിന്ദി പദം മൈക്കിലൂടെ പരിചയപ്പെടുത്തുക.<br>• ഹിന്ദി വാർത്തകൾ മൈക്കിലൂടെ വായിച്ച് കേൾപ്പിക്കുക.<br>• വാക്കുകൾ കണ്ടെത്തി ഡിഷ്ണറി ഉണ്ടാക്കുക<br>• ഹിന്ദിയിൽ ഒരു തലക്കെട്ട് കൊടുത്ത് അത് ഉപയോഗിച്ച് ചെറു കഥകളും കവിതകളും ഉണ്ടാക്കുക.<br>• മികവുപുലർത്തുന്ന കവിതയ്ക്കും കഥയ്ക്കും പ്രോത്സാഹന സമ്മാനം നൽകുക . | 5,6,7 | ദീർഘകാലം | സൗണ്ട് സിസ്റ്റം പു സ്തകങ്ങൾ | ഹിന്ദി അധ്യാപിക SRG,SSG |
| 6 | ഹിന്ദി ഭാഷാശേഷി വികസനം | __ഹിന്ദി ഡേ__<br>• ഹിന്ദി അസംബ്ലി സംഘടിപ്പിക്കുക<br>• ഹിന്ദി ചിന്തൻ അവതരിപ്പിക്കുക.<br>• ചുടു കുല (തമാശ) അവതരിപ്പിക്കുക | 6,7 | ആഴ്ചയിലൊരിക്കൽ | പുസ്തകങ്ങൾ | ഹിന്ദി അധ്യാപിക SRG, |

# ഹിന്ദി

## മേഖല- അക്കാദമികം ഹിന്ദി

### പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|
| 1 | ഹിന്ദി മധുരം<br>ഹിന്ദി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുക. | • എഴുത്ത് വായന ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുക<br>• പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിതസമയത്ത് ഹിന്ദി മധുരം ക്ലാസ് നൽകുക .<br>• കുട്ടികൾക്ക് ഹിന്ദി വാർത്തകൾ കേൾക്കാനുള്ള അവസരം നൽകുക. ഹിന്ദി ഡോക്യുമെന്ററി, ഹിന്ദി സിനിമ കാണാനുള്ള അവസരം ഒരുക്കുക. | 5,6,7 | 6 മാസം | പ്രൊജക്റ്റർ കമ്പ്യൂട്ടർ ടാബ് പുസ്തകം | ബിആർസി പിടിഎ പൂർവ്വവിദ്യാർത്ഥികൾ |
| 2 | കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരി ക. കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | • തെരഞ്ഞെടുത്ത ലളിതമായ ഹിന്ദി പുസ്തക വായന<br>• ചിത്രകഥ<br>• കുട്ടികവിതകൾ<br>• ചെറുവിവരണം<br>• ഹിന്ദി ക്വിസ്<br>• ഹിന്ദി കവിതകൾ ഓഡിയോ കേൾക്കാനുള്ള അവസരം | 5,6,7 | 8 മാസം | ലൈബ്രറി ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ | ഹിന്ദി അധ്യാപിക റിട്ടയർ ചെയ്ത ഹിന്ദി അധ്യാപിക |
| 3 | ആസ്വാദന ലോകം | ആസ്വാദന സഭ | 6,7 | 10 മാസം | ലാംഗ്വേജ് | |

| | | | | | | |
|---|---|---|---|---|---|---|
| 3 | ആസ്വാദന ലോകം | ആസ്വാദന സഭ | 6,7 | 10 മാസം | ലാംഗ്വേജ് | |

## അറബിക് -എൽപി & യുപി

| നമ്പർ | കാര്യക്രമം | പ്രവർത്തനം | ക്ലാസ് | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|
| 1 | അറബി മധുരം<br>അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുക. | • എഴുത്ത് വായന ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുക<br>• പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിതസമയത്ത് അറബി മധുരം ക്ലാസ് നൽകുക . | 1-3 | 6 മാസം | പ്രൊജക്റ്റർ കമ്പ്യൂട്ടർ ടാബ് പുസ്തകം | ബിആർസി പിടിഎ അധ്യാപിക |
| 2 | വായനാലോകം<br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരിക. കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | • തെരഞ്ഞെടുത്ത ലളിതമായ അറബി പുസ്തക വായന<br>• ചിത്രകഥ<br>• കുട്ടികവിതകൾ<br>• ചെറുവിവരണം<br>• അറബിക്വിസ്<br>• അറബി കവിതകൾ ഓഡിയോ കേൾക്കാനുള്ള അവസരം | 1-7 | 8 മാസം | ലൈബ്രറി ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ | അറബി അധ്യാപിക റിട്ടയർ ചെയ്ത അറബി അധ്യാപിക |
| 3 | ആസ്വാദന ലോകം | ആസ്വാദന സഭ<br>പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികൾ ആശ്വദിക്കാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭ ചേരുക.ഒരിക്കൽ അവതരിപ്പിച്ച വിദ്യാർഥികൾ അടുത്ത സഭയിൽ ആസ്വാദകരാകണം.<br>കാഴ്ചയും കേൾവിയും :-നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബി കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും പ്രൊജക്ടർ സഹായത്തോടെ കാണാനുള്ള അവസരമൊരുക്കൽ. | 1-7 | 10 മാസം | ലാംഗ്വേജ് ലാബ്, പ്രൊജക്റ്റർ കമ്പ്യൂട്ടർ | അറബി അധ്യാപിക |

| | | | | | | |
|---|---|---|---|---|---|---|
| | | • സാഹിത്യകാരന്മാരെ പരിചയപ്പെടുത്തി അവരുടെ പ്രധാനപ്പെട്ട കവിതയോ കഥകളെ കുറിച്ച് പറയുക<br>• ഉയർന്ന ക്ലാസുകളിൽ ഹിന്ദി മാത്രം സംസാരിക്കുക. | | | | |
| 7 | <u>നല്ല എഴുത്ത്</u><br>കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | • ഹിന്ദി ഭാഷയുടെ തനതായ സൗന്ദര്യം നിലനിർത്തിക്കൊണ്ട് കുട്ടികളെ എഴുതാൻ പഠിപ്പിക്കുക<br>• ഹിന്ദി കോപ്പി നൽകി പരിശീലനം കൊടുക്കുക<br>• കയ്യെഴുത്തുമാസിക തയ്യാറാക്കുക<br>• ഒരു വിഷയത്തെ അടിസ്ഥാനമാക്കി പ്രോജക്ട് തയ്യാറാക്കുക<br>• ചുമർപത്രിക | 5,6,7 | ദീർഘകാലം | പുസ്തകങ്ങൾ | ഹിന്ദി അധ്യാപിക |
| 8 | സ്കൂൾ വാർഷികം | സ്കൂൾ വാർഷികത്തിൽ ഹിന്ദി നാടകം,ചിത്രീകരണം,മോണോആക്റ്റ് മോണോആക്ട് എന്നിവക്ക് പ്രാക്ടീസ് നൽകി അവതരിപ്പിക്കുക . | 7 | ഹ്രസ്വകാലം | വീഡിയോ | പൂർവ്വവിദ്യാർത്ഥികൾ<br>ഹിന്ദി അധ്യാപിക |
| 9 | എഴുത്തിന്റെ ലോകം<br>ഹിന്ദി എഴുത്ത് പരിപോഷണം | • ക്ലാസ് മാസിക നിർമ്മാണം<br>• ചുമർപത്രിക നിർമ്മാണം<br>• വായന കാർഡ് നിർമ്മാണം | 5,6,7 | ദീർഘകാലം | പേപ്പർ<br>പുസ്തകങ്ങൾ | ഹിന്ദി അധ്യാപിക |
| 10 | ദിനാചരണം | • ദിനാചരണങ്ങളിൽ പോസ്റ്റർ തയ്യാറാക്കുന്നു<br>• ചിന്താവിഷയം അവതരിപ്പിക്കുന്നു. | 5,6,7 | ദീർഘകാലം | ചാർട്ട്<br>പുസ്തകങ്ങൾ | ഹിന്ദി അധ്യാപിക |

| | | | | | | |
|---|---|---|---|---|---|---|
| 10 | ദിനാചരണം | • ദിനാചരണങ്ങളിൽ പോസ്റ്റർ തയ്യാറാക്കുന്നു<br>• ചിത്രാവിഷ്കാരം അവതരിപ്പിക്കുന്നു. | 1- 7 | ദീർഘകാലം | പാഠ്യ പുസ്തകങ്ങൾ | അറബിക് അധ്യാപിക |
| 11 | മത്സരങ്ങളുടെ ലോകം | വിദ്യാർത്ഥികളിലെ വ്യത്യസ്ത കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് അറബിക് മത്സരങ്ങൾ നടത്തുക. | 1-7 | ദീർഘകാലം | പുസ്തകങ്ങൾ | അറബിക് അധ്യാപിക |

| | | | | | | |
|---|---|---|---|---|---|---|
| 5 | <u>പദപരിചയം</u><br>അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ | • അറബി അധ്യാപികയുടെ മേൽനോട്ടത്തിൽ എല്ലാദിവസവും രാവിലെ ഒരു അറബി പദം മൈക്കിലൂടെ പരിചയപ്പെടുത്തുക.<br>• പദം നോട്ടീസ് ബോഡിൽ പ്രദർശിപ്പിക്കുന്നു.കുട്ടികൾ എഴുതി എടുക്കുന്നു. | 5,6,7 | ദീർഘകാലം | സൗണ്ട് സിസ്റ്റം പുസ്തകങ്ങൾ | അറബി അധ്യാപിക SRG,SSG |
| 6 | <u>അറബിക് ഡേ</u> | • അറബി അസംബ്ലി സംഘടിപ്പിക്കുക<br>• വാർത്തകൾ അറബിയിൽ അവതരിപ്പിക്കുക.<br>• കുറിപ്പുകൾ അവതരണം<br>• പുസ്തകപരിചയം | 1-7 | ആഴ്ചയിലൊരിക്കൽ | പുസ്തകങ്ങൾ | അറബി അധ്യാപിക SRG, |
| 7 | <u>നല്ല എഴുത്ത്</u><br>കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | • അറബി ഭാഷയുടെ തനതായ സൗന്ദര്യം (നസ്ഖി,രിഖ്അ) നിലനിർത്തിക്കൊണ്ട് കുട്ടികളെ എഴുതാൻ പഠിപ്പിക്കുക<br>• കോപ്പി നൽകി പരിശീലനം കൊടുക്കുക<br>• കയ്യെഴുത്തുമാസിക തയ്യാറാക്കുക<br>• ചുമർപത്രിക | 1-7 | ദീർഘകാലം | പുസ്തകങ്ങൾ | അറബി അധ്യാപിക |
| 8 | സ്കൂൾ വാർഷികം | സ്കൂൾ വാർഷികത്തിൽ അറബി നാടകം,ചിത്രീകരണം,മോണോആക്റ്റ് എന്നിവ അവതരിപ്പിക്കുക . | 1- 7 | ഹ്രസ്വകാലം | വീഡിയോ | പൂർവ്വവിദ്യാർത്ഥികൾ<br>ഹിന്ദി അധ്യാപിക |
| 9 | എഴുത്തിന്റെ ലോകം | • ക്ലാസ് മാസിക നിർമ്മാണം<br>• ചുമർപത്രിക നിർമ്മാണം<br>• വായന കാർഡ്,പ്ലക്കാർഡ് നിർമ്മാണം | 1- 7 | ദീർഘകാലം | പേപ്പർ പുസ്തകങ്ങൾ | അറബിക് അധ്യാപിക |

| | | | | | | |
|---|---|---|---|---|---|---|
| | | • വായന കാർഡ്,പ്ലക്കാർഡ് നിർമ്മാണം | | | | |
| 3 | [illegible] | <u>ആസ്വാദന സഭ</u><br>പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികൾ ആസ്വദിക്കാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭ ചേരുക. ഒരിക്കൽ അവതരിപ്പിച്ച വിദ്യാർഥികൾ അടുത്ത സഭയിൽ ആസ്വാദകരാകണം.<br><u>കാഴ്ചയും കേൾവിയും</u> :- നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച ഉറുദു കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും പ്രൊജക്ടർ സഹായത്തോടെ കാണാനുള്ള അവസരമൊരുക്കൽ. | 5-7 | 6 മാസം | ലാംഗ്വേജ് ലാബ്, പ്രൊജക്റ്റർ കമ്പ്യൂട്ടർ | ഉറുദു അധ്യാപിക |
| 4 | ലാഗ്വേജ് ലാബ് | തനതായ ഉറുദു ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ പ്രദർശിപ്പിക്കാനുള്ള സൗകര്യം ഒരുക്കുക | 5,6,7 | 2 മാസം | പ്രൊജക്റ്റർ കമ്പ്യൂട്ടർ ലാംഗേജ് ലാബ് | ഉറുദു അധ്യാപിക |
| 5 | <u>നയാദിൻ നയാ ലഫ്ള്</u><br>ഉറുദു പദസമ്പത്ത് വർദ്ധിപ്പിക്കൽ | അധ്യാപികയുടെ മേൽനോട്ടത്തിൽ എല്ലാദിവസവും രാവിലെ ഒരു ഉറുദു പദം മൈക്കിലൂടെ പരിചയപ്പെടുത്തുക.<br>പദം നോട്ടീസ് ബോഡിൽ പ്രദർശിപ്പിക്കുന്നു.<br>കുട്ടികൾ എഴുതി എടുക്കുന്നു. | 5,6,7 | ദീർഘകാലം | സൗണ്ട് സിസ്റ്റം പുസ്തകങ്ങൾ | ഉറുദു അധ്യാപിക SRG,SSG |

# ഉർദ്ദു

| നമ്പർ | കാര്യക്രമം | പ്രവർത്തനം | ക്ലാസ് | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|
